**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6063**

**02.04.2018 ലെ മറുപടിയ്ക്ക്**

**ഓഡിറ്റ് വിഭാഗം ഉദ്യോഗസ്ഥരുടെ സസ്പെൻഷൻ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.സി.ജോസഫ് | | ഡോ: ടി. എം.തോമസ് ഐസക്<br>ബഹു: ധനകാര്യവും കയറും വകുപ്പുമന്ത്രി |
| എ | ആലപ്പുഴ മുനിസിപ്പാലിറ്റി ഓഡിറ്റ് വിഭാഗത്തിലെ ഡെപ്യൂട്ടി ഡയറക്ടർ കെ. പി. മാത്യു റോയി, ഓഡിറ്റ് ഓഫീസർ പി. സാബു എന്നിവരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ ഓഡിറ്റ് എന്നിവയുമായി ബന്ധപ്പെട്ട ഏത് നിയമം/ ചട്ടം ലംഘിച്ചതിനാണെന്ന് വിശദമാക്കാമോ ; | കേരള മുൻസിപ്പാലിറ്റി റൂൾ 1997 ചട്ടം 10,13 പ്രകാരം സ്ഥാപനം സമർപ്പിച്ച വാർഷിക കണക്കിന്മേലാണ് ഓഡിറ്റ് നടത്തേണ്ടത്. കേരള ലോക്കൽ ഫണ്ട്ഓഡിറ്റ് ആക്ട് സെക്ഷൻ 21(1) പ്രകാരം വാർഷിക കണക്കിൽ പരാമർശിച്ചിട്ടില്ലാത്ത വിഷയത്തിന്മേലോ അല്ലെങ്കിൽ ഏതെങ്കിലും ഗുരുതരമായ ക്രമക്കേട് കാണുന്ന പക്ഷം ആയത് ഓഡിറ്റ് ചെയ്യുന്നതിന് വകുപ്പ് മേധാവിയുടേയോ സർക്കാരിന്റെയോ മുൻകൂർ അനുമതി വാങ്ങിയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി റൂൾ 1997 ചട്ടം 13 ൽ ഉൾപ്പെടാത്ത വിഷയത്തിന്മേൽ വകുപ്പ് മേധാവിയുടെ/സർക്കാറിന്റെ അനുമതിയില്ലാതെ ഓഡിറ്റ് നടപടികൾ സ്വീകരിച്ചതു മൂലമാണ് വകുപ്പ് ജോയിന്റ് ഡയറക്ടർ ശ്രീ കെ. രാജുവിന്റെ അന്വേഷണ റിപ്പോർട്ട് പ്രകാരം 2 ജീവനക്കാരെ സർക്കാർ സസ്പെന്റ് ചെയ്തത്. |
| ബി | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണപരമായ കാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ 1997-ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ അധികാരമുണ്ടെന്നിരിക്കെ ഓഡിറ്റ് ജീവനക്കാർ ഭരണപരമായ കാര്യങ്ങളിൽ ഇടപെട്ടുവെന്ന് സർക്കാരിനെ തെറ്റിദ്ധരിപ്പിച്ച സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്കെതിരെ നടപടി സ്വീകരിക്കുമോ? | |

അക്കൗണ്ട്സ് ഓഫീസർ